I/125428/2023

ഫയൽ നം :എ2/257/2022-റ്റിസി　　　　　　　　　　　　　　　　　തിയതി : 22-05-2023

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014

ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

**സർക്കുലർ നമ്പർ 06/2023**

വിഷയം :- മോട്ടോർ വാഹന വകുപ്പ് - 2023 ലെ പൊതുസ്ഥലമാറ്റം- അപേക്ഷ ക്ഷണിക്കുന്നത് -ഭേദഗതി വരുത്തുന്നത്- സംബന്ധിച്ച്

സൂചന :- 1.28.02.2023 തിയ്യതിയിലെ സർക്കുലർ നമ്പർ 3/2023
2.09.05.2023 തിയ്യതിയിലെ സ.ഉ.(സാധാ)നം 173/2023/ഗതാഗതം

സൂചന സർക്കുലർ പ്രകാരം മോട്ടോർ വാഹന വകുപ്പിലെ വിവിധ തസ്തികകളിലെ 2023 വർഷത്തെ പൊതു സ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലർ ചുവടെ ചേർക്കും പ്രകാരം ഭേദഗതി ചെയ്തു ഉത്തരവാക്കുന്നു.

1. **<u>സമയക്രമം.</u>**

2023 വർഷത്തെ മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലം മാറ്റ അപേക്ഷകൾ സമർപ്പിക്കുന്നത് സംബന്ധിച്ച സമയക്രമം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | ജീവനക്കാർക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാവുന്നത് | 22.05.2023മുതൽ | 27.05.2023വരെ |
| 2 | ഓഫീസിൽ നിന്നും ഡിസ്ട്രിക്ട് ഓഫീസിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടത് | 24.05.2023മുതൽ | 29.05.2023വരെ |
| 3 | ഡിസ്ട്രിക്ട് ഓഫീസിൽ നിന്നും ഹെഡ് ഓഫീസിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടത് | 25.05.2023മുതൽ | 31.05.2023വരെ |

2 . **<u>മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ/ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെ സ്ഥലമാറ്റം.</u>**

സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡിൽ 3 വർഷം സേവന കാലാവധി പൂർത്തിയാക്കിയ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ / അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ മാർ (ഏപ്രിൽ 30 നിലയിൽ) എന്നിവർക്ക് ഓഫീസുകളിലേക്കും ഓഫീസുകളിലെ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ / അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ മാർ എന്നിവർ സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിലേക്കും നിശ്ചിത കാലാവധി പൂർത്തിയാക്കിയിട്ടില്ലാത്തവർക്ക് എൻഫോഴ്സ്മെന്റ് സ്ക്വാഡിലെ തന്നെ മറ്റ് ഓഫീസുകളിലേക്കും പൊതു സ്ഥലം മാറ്റത്തിനുള്ള ഓപ്ഷൻ നൽകാവുന്നതാണ്.

മൂന്ന് വർഷം എൻഫോഴ്സ്മെന്റ് സേവനം പൂർത്തിയാക്കിയ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ/അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ ഓഫീസുകളിലേക്കും ആനുപാതികമായി ഓഫീസുകളിൽ നിന്ന് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ/അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ എൻഫോഴ്സ്മെന്റിലേയ്ക്കും മാറ്റി നിയമിക്കുന്നതാണ്.

ഇപ്രകാരം നിയമിക്കുമ്പോൾ നാളിതുവരെ എൻഫോഴ്സ്മെന്റ് ജോലി ചെയ്യാത്തവർക്ക് നിർബന്ധിത എൻഫോഴ്സ്മെന്റ് സേവനം ബാധകമാക്കുന്നതാണ്.

എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ ഓഫീസുകളിലേക്കുള്ള നിയമനം റോഡ് സുരക്ഷാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തന മികവ് വിലയിരുത്തി പരിഗണിക്കുന്നതാണ്.

സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡിലെ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ/അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ എന്നിവർ എൻഫോഴ്സ്മെന്റ് സ്ക്വാഡ് ഒഴികെയുള്ള ഓഫീസുകളിലേക്ക് അപേക്ഷിക്കുമ്പോൾ ടി ഉദ്യോഗസ്ഥർ എൻഫോഴ്സ്മെന്റ് സ്ക്വാഡിൽ 3 വർഷം സേവന കാലാവധി പൂർത്തിയാക്കിയിട്ടുണ്ട് (ഏപ്രിൽ 30 നിലയിൽ ) എന്ന് ഓഫീസ് മേധാവിമാർ ഉറപ്പാക്കേണ്ടതും നിശ്ചിത സേവന കാലാവധി പൂർത്തിയാക്കിയിട്ടില്ലാത്ത ഉദ്യോഗസ്ഥരുടെ അപേക്ഷകൾ ഓഫീസ് മേധാവി/ഡിസ്ട്രിക്ട് ഓഫീസ് മേധാവി നിരസിക്കേണ്ടതുമാണ്. ഇത്തരത്തിൽ അയോഗ്യമായ അപേക്ഷകൾ ഹെഡ് ഓഫീസിലേക്ക് സമർപ്പിക്കുവാൻ പാടുള്ളതല്ല.ടി വ്യവസ്ഥ ഉറപ്പാക്കേണ്ട ഉത്തരവാദിത്തം ഓഫീസ് മേധാവി/ഡിസ്ട്രിക്ട് മേധാവിമാരിൽ നിക്ഷിപ്തമായിരിക്കും.

മേൽ ഭേദഗതികളോടൊപ്പം സൂചന സർക്കുലറിലെ നിർദേശങ്ങൾ /വ്യവസ്ഥകൾ നിലനിൽക്കുന്നതാണ്.

Signed by
S Sreejith I P S
Date: 22-05-2023 11:18:35

S SREEJITH I P S
TRANSPORT COMMISSIONER

സ്വീകർത്താവ്

1.എല്ലാ ഡി.റ്റി.സി മാർക്കും
2.എല്ലാ ആർ ടി ഒ മാർക്കും
3.എല്ലാ എൻഫോഴ്സ്മെന്റ് ആർ ടിഒ  മാർക്കും
4.എല്ലാ ജോയിന്റ് ആർ ടി ഒ മാർക്കും.

I/125428/2023

പകർപ്പ്: 1. ശ്രീ മഹേഷ് എസ്, എം വി ഐ, നോഡൽ ഓഫീസർ (പൊതുസ്ഥലംമാറ്റം 2023)

2. ടി സി, അഡിഷണൽ ടി സി, സീനിയർ എ ഓ എന്നവരുടെ സി എമാർക്ക്